# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി ലക്ഷ്യത്തിലേക്ക്

**കൊച്ചി:** കേന്ദ്ര നാളികേര ബോർഡ് ഇക്കഴിഞ്ഞ ചിങ്ങം ഒന്നിന് ആരംഭിച്ച തെങ്ങുകയറ്റ പരിശീലനപരിപാടിയിൽ 2012 ജനുവരി 27നകം പരിശീലനം പൂർത്തിയാക്കിയവരുടെ എണ്ണം നാലായിരത്തോളമായി. എറണാകുളം, കോഴിക്കോട് ജില്ലകളിൽ പരിശീലനം പൂർത്തീകരിച്ചവർ 500 കഴിഞ്ഞു. ഈ സാമ്പത്തിക വർഷം 5000 'തെങ്ങിന്റെ ചങ്ങാതി' മാർക്ക് പരിശീലനം നൽകാനാണ് ബോർഡിന്റെ ലക്ഷ്യം.

തെങ്ങിനെസംബന്ധിച്ച് സമഗ്രമായ അറിവും പരിശീലനവും നൽകുന്നതിന് 10 ജില്ലകളിൽ ആരംഭിച്ച ആറു ദിവസത്തെ സൗജന്യ പരിശീലനം 20 പേർവീതമുള്ള 25 ബാച്ചുകൾക്ക് നൽകി ഓരോ കേന്ദ്രങ്ങളിലും 500 തികയ്ക്കുക എന്നതായിരുന്നു പ്രാരംഭലക്ഷ്യം.

ഇപ്പോൾ 13 ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നത്. മാനേജ്മെന്റ് വിദഗ്ധന്മാരുടെ മേൽനോട്ടത്തിലുള്ള ലോക്കൽ എക്കണോമിക് ഡെവലപ്മെന്റ് സൊസൈറ്റി (ലെഡ്സ്) എന്ന സംഘടനയാണ് എറണാകുളം ജില്ലയിലെ പരിശീലനത്തിന് നേതൃത്വം വഹിക്കുന്നത്.

ഇനിമുതൽ തെങ്ങിന്റെ വിളവെടുപ്പുൾപ്പെടെ എല്ലാവിധ സസ്യസംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്ന തെങ്ങിന്റെ ചങ്ങാതിമാരെക്കുറിച്ച് അറിയാൻ ബോർഡിന്റെ ഓൺലൈൻ ഡയറക്ടറി സെർച്ച് ചെയ്താൽ മതി. ബോർഡിന്റെ വെബ്സൈറ്റായ coconutboard.nic.in ന്റെ ഹോം പേജിലുള്ള Friendsof coconut tree എന്ന ബോക്സിൽ മൗസ് ക്ലിക്ക് ചെയ്താൽ അതത് ജില്ലകളിലെ ചങ്ങാതിമാരെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കും.

ഇനിയും വിവിധ ജില്ലകളിലെ പരീശിലനപരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ബോർഡിൽ അപേക്ഷ സമർപ്പിക്കണമെന്ന് ബോർഡ് പത്രക്കുറിപ്പിൽ പറഞ്ഞു.